<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3452</u> <u>12-03-2025 - ൽ മറുപടിയ്ക്ക്</u>

<u>കാർഷികരംഗം സ്വയംപര്യാപ്തമാക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികരംഗം സ്വയംപര്യാപ്തമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യോൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു.<br><br>കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം തൊട്ട് നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്ത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. തെങ്ങിൻ്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേര രക്ഷാവാരം പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമണം (crop rotation) എന്നിവയിലൂടെ വിള |

വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിള അവതരണം വൈവിധ്യവൽക്കരണം, വിളതീവ്രത വർദ്ധിപ്പിക്കൽ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു .

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽകരണ മേഖലയിൽ അഗ്രോ സർവീസ് സെൻ്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെൻ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

കൃഷിയുടെ നഷ്ട സാധ്യത ലഘൂകരിക്കുവാൻ വേണ്ടി പുനരാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും, കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, വന്യമൃഗ ശല്യം ചെറുത്ത് നിൽക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ സഹായത്തോട് കൂടി നടപ്പിലാക്കുന്ന പ്രത്യേക പ്രോജക്ട്, എന്നിവ നടപ്പിലാക്കുന്നുണ്ട്.

നിലവിലെ സാഹചര്യത്തിൻ്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിൻ്റെ ഭാഗമായി ഇ ഓഫീസ് സംവിധാനം, AIMS പോർട്ടൽ, KATHIR തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി.

കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിൻ്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ

| | | | |
|---|---|---|---|
| | | | എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. ലോക ബാങ്കിൽ നിന്നും 200മില്യൺ വായ്പ്പയോടെ (KERA) അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് കാർഷിക മേഖലയിൽ മൂല്യ വർധനവും അടിസ്ഥാന സൗകര്യ വികസനവും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഇതോടൊപ്പം ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള പദ്ധതി, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, എന്നിവ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ കാർഷിക രംഗത്ത് മൂല്യവർധനം ഉറപ്പാക്കുന്നതിനും അതിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനുമായി കാബ്കോ എന്ന കമ്പനി കൃഷി വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് ആനയറ മൊത്തവ്യാപാര കേന്ദ്രത്തിന്റെ പരിസരത്തായി നിർമാണം ആരംഭിച്ചിട്ടുണ്ട്. കർഷകരുടെ കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, മൂല്യവർദ്ധന, സംസ്കരണം, സംഭരിക്കൽ, വിതരണം, വിപണനം, ചില്ലറവിൽപ്പന, ഇറക്കുമതി, കയറ്റുമതി തുടങ്ങിയ ബിസിനസുകളിൽ ഏർപ്പെടാനും അത്തരം ബിസിനസ്സ് നടത്തുന്നതിന് ഇന്ത്യക്കകത്തോ പുറത്തോ ഉള്ള കരാറുകളിൽ ഏർപ്പെടാനും, ദേശീയ, അന്തർദേശീയ വിപണികൾക്ക് അനുയോജ്യമായ വിളകൾ വളർത്താൻ കർഷകരെ സഹായിക്കുന്നതിനും, അത്യാധുനിക സാങ്കേതികവിദ്യകൾ അവതരിപ്പിക്കുന്നതിനും, ഈ സാങ്കേതികവിദ്യകൾ മൂല്യവർദ്ധനയ്ക്കായി കർഷകർക്ക് അവരുടെ വിളകൾ കാര്യക്ഷമമായി പ്രോസസ്സ് ചെയ്യാനും, അവരുടെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ആഭ്യന്തര, വിദേശ വിപണികളെ തിരിച്ചറിയാനും സംസ്ഥാന തലത്തിലുള്ള അപെക്സ് ഏജൻസിയായി പ്രവർത്തിക്കുകയുമാണ് കാബ്കോയുടെ ലക്ഷ്യം. |
| (ബി) | തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനും കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് വിവിധ | (ബി) | തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ വിള |

| | | |
|---|---|---|
| | സബ്സിഡികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെയും ഫാം പ്ലാൻ അധിഷ്ഠിത പദ്ധതികളിലൂടെയും പ്രോൽസാഹനം നൽകി വരുന്നു.<br><br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിലെ നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു.<br><br>തരിശു ഭൂമികളും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിള അവതരണം തീവ്രത വർദ്ധന, വൈവിധ്യവൽക്കരണം, ' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും തരിശു ഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി, ഉദ്യാനകൃഷി ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് കൃഷി, എന്നിവ നടപ്പിലാക്കുന്നതിനായി "നവോ-ധൻ" എന്ന പേരിൽ പുതിയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും, കൃഷിക്കൂട്ടങ്ങളെയും, കുടുംബശ്രീ യൂണിറ്റുകളെയും, സ്വയം സഹായ സംഘങ്ങളെയും, സ്റ്റാർട്ടപ്പുകളെയും, യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി കേരള അഗ്രോ ബിസിനെസ് കമ്പനി പ്രവർത്തിക്കും. പ്രാരംഭ ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ കൃഷിഭൂമി പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക വികസന കർഷക വകുപ്പിന്റെ മേൽനോട്ടത്തിൽ, നവോ-ധൻ പദ്ധതിയുടെ നടത്തിപ്പിനായി കേരള അഗ്രോ |

| | | | |
|---|---|---|---|
| | | | ബിസിനസ് കമ്പനി (കാബ്കോ) യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചിരിക്കുന്നു.<br>വിവിധ സബ്സിഡികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സംസ്ഥാന പ്ലാനിംഗ് ബോർഡിനു നൽകി വരുന്നുണ്ട്. |
| (സി) | കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന അലോക്കേഷൻ അനുസരിച്ചു കൃഷി വകുപ്പ് വാർഷിക കർമ്മ പദ്ധതി പ്രൊപോസൽ തയ്യാറാക്കുകയും, സംസ്ഥാന തലത്തിൽ ബഹു: ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മിറ്റിയുടെ ശുപാർശയോടെ കേന്ദ്ര സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെടാത്ത പക്ഷം, സമർപ്പിക്കപ്പെടുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും കേന്ദ്ര വിഹിതം ഗഡുക്കളായി അനുവദിക്കുകയും ചെയ്യുന്നു. ഓരോ ഗഡുവും വിനിയോഗിക്കുന്നതോടെ അടുത്ത ഗഡു അനുവദിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ